# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ജൂലായ് 04 മുതൽ ജൂലായ് 08 വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.53/2020 | തീയ്യതി: 03/07/2020 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 190.0 | 26.0– 28.5 | 23.8 – 25.0 | 75– 100 | 01 -03 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 04.07.2020 | 05.07.2020 | 06.07.2020 | 07.07.2020 | 08.07.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 18 | 35 | 11 | 22 | 30 |
| കൂടിയ താപനില, °C | 28 | 29 | 30 | 30 | 30 |
| കുറഞ്ഞ താപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 6 | 6 | 6 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 270 | 290 | 290 | 290 | 290 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴ ലഭിക്കും.<br>തൊടികളിൽ വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുത്. സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | ഇലകരിച്ചിൽ<br> | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തു തളിക്കണം. ബ്ലീച്ചിങ് പൗഡർ കിഴികളിലാക്കി (ഏക്കറിന് 2 കിലോ എന്ന തോതിൽഎന്ന തോതിൽ പാടത്തേക്കു വെള്ളം കയറുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക.<br>രോഗാധിക്യം ഉണ്ടെങ്കിൽ സ്ട്രെപ്റ്റോസൈക്ലിൻ (ഏക്കറിന് 30 ഗ്രാം 200 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി) തളിക്കുക. |

| | | | |
|---|---|---|---|
| നെല്ല് | ഞാറ്റടി/ തൈകൾ | ഓല ചുരുട്ടിപ്പുഴു  | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്. ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ  | തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി ഒലിച്ചിറങ്ങുന്നത് വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കപ്പെടും. രോഗം ബാധിച്ച തെങ്ങിലും അടുത്തുള്ള തെങ്ങുകളിലും 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ട രോഗം  | വാട്ട രോഗത്തിനെതിരെ മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |
| വാഴ | വിവിധഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോമിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക. കുമിൾനാശിനിയായ കാർബൺഡാസിം ( 0.1 % ) അല്ലെങ്കിൽ മാങ്കൊസെബ് ( 0.2 %) രണ്ടാഴ്ച ഇടവേളയിൽ തളിച്ച് കൊടുക്കുക. ടെബുകോണാസൊൾ/ഡൈഫെനോകോണാ സൊൾ/അസോക്സിസ്ട്രോബിൻ എന്നിവ 0.1% വീര്യത്തിൽ തളിച്ച് കൊടുക്കുക. |
| | കുലയ്ക്കുന്ന ഘട്ടം | പക്ഷികൾ | നേന്ത്രൻക്കുലകളെ അവ നേർത്തതും സുതാര്യവുമായ പോളിത്തീൻ പാളികൾ ഉപയോഗിച്ച് പൊതിഞ്ഞ് സൂക്ഷിക്കുക. |

| | | | |
|---|---|---|---|
| പച്ചക്കറികൾ | നടീൽ ഘട്ടം | മുഞ്ഞ<br> | വേപ്പധിഷ്ഠിത കീടനാശിനി തളിക്കുക. |
| | | മീലി മൂട്ട<br> | |
| പയറ് | വളർച്ചാ ഘട്ടം | ഇലവാട്ടം<br> | ബാവിസ്റ്റിൻ (2ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) അല്ലെങ്കിൽ കോൺടാഫ് (2മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾ | എലിപ്പനി | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മേയാൻ അനുവദിക്കരുത്. |
| | | കുളമ്പു രോഗം | അടുത്തുള്ള മൃഗാശുപത്രിയിൽ നിന്നും പ്രതിരോധ കുത്തിവെപ്പുകൾ സ്വീകരിക്കുക. |
| | | കുരലടപ്പൻ | |
| | വിവിധ ഘട്ടം | മുടന്തൻ പനി<br> | മഴക്കാലത്തിന്റെ ആഗമനത്തോടുകൂടി നമ്മുടെ നാട്ടിൽ വ്യാപകമായി കാണപ്പെടുന്ന ഒരു വൈറസ് രോഗമാണ് കന്നുകാലികളിലെ പനി. രക്തം കുടിക്കുന്ന ഈച്ചകളിൽ നിന്നും കൊതുകിൽ നിന്നും വൈറസ് ബാധയു□ ാകുന്നു. കിതപ്പ്, പനി, മൂക്കിൽ നിന്നും നീരൊലിപ്പ്, വിറയൽ, തീറ്റയെടുക്കാതിരിക്കൽ കാലുകളിലും കൈകളിലും മാറി മാറിയുള്ള മുടന്ത് എന്നിവയാണ് പ്രധാനപ്പെട്ട രോഗലക്ഷണങ്ങൾ. മൂന്നു ദിവസം രോഗലക്ഷണങ്ങൾ കാണപ്പെടും. പനി, പേശീവേദന എന്നിവ കുറയ്ക്കാനാണ് സാധാരണയായി ചികിത്സ നടത്തുന്നത്. ഒരു കാരണവശാലും നിർബന്ധപൂർവ്വം വെള്ളം കുടിപ്പിക്കാൻ ശ്രമിക്കരുത്. അത് ന്യുമോണിയ വരുത്താൻ സാധ്യതയു□ ്.<br><br>ഈച്ചകൾ പെരുകുന്നത് തടയണം. തൊഴുത്തിൽ ശുചിത്വം പാലിക്കണം. വേപ്പെണ്ണ, ഈച്ചകളെ അകറ്റുവാനുള്ള ലായനികൾ എന്നിവ ഉപയോഗിക്കാം.<br><br>രോഗ ലക്ഷണം കാണുകയാണെങ്കിൽ ഉടനെ തന്നെ ഡോക്ടറെ ക□ ് ചികിത്സ തേടണം. |

ഒപ്പ് /-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ  സേവ പദ്ധതി